**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8** **07-06-2021 - ൽ മറുപടിയ്ക്ക്**

**ലഹരിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം.വിജിൻ | | **Shri M. V. Govindan Master**<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി ലഹരിമാഫിയയെ തുടച്ചുനീക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച അതിശക്തമായ നടപടികൾ തുടരുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിമുക്തി മിഷന്റെ ഭാഗമായി ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും നടപ്പിലാക്കുന്നതോടൊപ്പം, എക്സൈസ് വകുപ്പ് വ്യാജമദ്യം, മയക്ക്മരുന്ന് എന്നിവയുടെ കടത്ത് തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുക്കുന്നതിന് പോലീസ്, ഫോറസ്റ്റ് എന്നീ എൻഫോഴ്സ്മെന്റ് ചുമതലയുള്ള വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തുന്നതിനോടൊപ്പം, അതിർത്തി ചെക്ക് പോസ്റ്റുകളിൽ മറ്റു സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വകുപ്പുകളുമായി ചേർന്ന് 24 മണിക്കൂറും പരിശോധന നടത്തി വരുന്നുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകൾ ആധുനികവത്ക്കരിച്ച് ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ/ താലൂക്ക് ആസ്ഥാനങ്ങളിലും, സംസ്ഥാന എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നതോടൊപ്പം, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യം, മയക്കുമരുന്ന് മറ്റു ലഹരി വസ്തുക്കൾ എന്നിവയുടെ കടത്തു തടയുന്നതിനായി എക്സൈസ് കമ്മീഷണർ നേരിട്ട് മേൽനോട്ടം വഹിക്കുന്ന സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും ഹൈവെ പട്രോളിംഗ് നടത്തിവരുന്നതോടൊപ്പം തീരദേശ മേഖലകളിൽ തീരദേശ പോലീസുമായി ചേർന്ന് സംയുക്ത പട്രോളിംഗും നടത്തിവരുന്നുണ്ട്. അബ്കാരി, |

| | | | |
|---|---|---|---|
| | | | എൻ.ഡി.പി.എസ്. കേസുകളുടെ അന്വേഷണം കാര്യക്ഷമമായി നടത്തുന്നതിന്, പുതുതായി എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം ആരംഭിച്ച് ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഗൗരവമേറിയ കേസുകളുടെ അന്വേഷണം കുറ്റമറ്റരീതിയിൽ നടത്തി വരുന്നു. പ്രാദേശിക തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായി സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | യുവജനങ്ങൾക്കിടയിൽ ലഹരിവിരുദ്ധ ബോധവത്കരണം വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) | യുവജനങ്ങൾക്കിടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണം വിപുലമാക്കുന്നതിന് ലഹരിക്കെതിരെയുള്ള സന്ദേശം നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതാണ്. സ്കൂൾ, കോളേജ് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാകാൻ സാധ്യതയുള്ള അനഭിലഷണീയ പ്രവണതകളിൽ നിന്നും അവരെ പിൻതിരിപ്പിക്കുന്നതിന് അവരുടെ ശ്രദ്ധ കലാകായിക പ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ച് വിടുന്നത് ലക്ഷ്യമിട്ട് 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരത്തെ ഏതാനും സ്കൂളുകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കോളേജ് ക്യാമ്പസുകളിലും ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്കിടയിലെ അനഭിലഷണീയ പ്രവണതകൾ നിയന്ത്രിക്കുന്നതിന് 'നേർക്കൂട്ടം' 'ശ്രദ്ധ' എന്നീ പേരുകളിൽ ഓരോ കമ്മറ്റികൾ രൂപീകരിച്ച് അധ്യാപകർ, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന കമ്മറ്റികളുടെ സഹായത്തോടെ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള അതിശക്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |
| (സി) | ലഹരിവേട്ടയ്ക്കായി രൂപം നൽകിയ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ